പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII

## സാമ്പത്തിക കാര്യങ്ങൾ

## ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട്

2015 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII

## സാമ്പത്തിക കാര്യങ്ങൾ

## ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട്

699/2015.

# ഉള്ളടക്കം


| | പേജ് |
| --- | --- |
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

| | |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ, | എം.എൽ.എ. |
| ശ്രീ. കോവൂർ കുഞ്ഞുമോൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| പ്രൊഫ. സി. രവീന്ദ്രനാഥ്, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ഡോ. ടി. എം. തോമസ് ഐസക്, | ,, |
| ശ്രീ. പി. ഉബൈദുള്ള, | ,, |
| ശ്രീ. എം. പി. വിൻസെന്റ്, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജ്യോതി, എൽ., അണ്ടർ സെക്രട്ടറി.

## അവതാരിക

സമ്പദ്ഘടനയുടെ ജീവവായുവാണ് വാണിജ്യനികതി. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും ചെക്ക് പോസ്റ്റുകളിൽനിന്നും വിൽപ്പന നികതിയിനത്തിലുമാണ് ലഭിക്കുന്നത്. സർക്കാരിന്റെ നികതി വരുമാനത്തിലുണ്ടാകുന്ന ചെറിയ ചോർച്ചപോലും സംസ്ഥാന ഖജനാവിനെ സാരമായി ബാധിക്കുമെന്നതിനാൽ നികതി വെട്ടിപ്പ് തടയുന്നതിനും തദ്വാര നികതിവരുമാനം വർദ്ധിപ്പിക്കുന്നതിനും നികതിയിനത്തിൽ കോടികൾ നേടിത്തരുന്ന ചെക്ക് പോസ്റ്റുകൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) പഠനം നടത്തുകയും ആദ്യഘട്ടമെന്ന നിലയിൽ സമിതി വാളയാറും അനുബന്ധ ചെക്ക് പോസ്റ്റുകളും സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വാളയാർ ചെക്ക് പോസ്റ്റ് നവീകരണം സംബന്ധിച്ച റിപ്പോർട്ട് 21-3-2007-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ സമിതി 6-11-2008, 13-11-2008, 20-11-2008, 10-12-2009 എന്നീ തീയതികളിൽ യഥാക്രമം സുൽത്താൻ ബത്തേരി, കാസർഗോഡ്, തേക്കടി, കൊല്ലം എന്നീ സ്ഥലങ്ങളിൽ യോഗം ചേരുകയും, മുത്തങ്ങ, മഞ്ചേശ്വരം, കമിളി, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകൾ സന്ദർശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സന്ദർശനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച കരട് റിപ്പോർട്ട് പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ സമിതിക്ക് പരിഗണിക്കാൻ കഴിഞ്ഞില്ല. തുടർന്ന് പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 24-9-2013-ലെ സമിതിയോഗം പ്രസ്തുത കരട് റിപ്പോർട്ട് പരിഗണിക്കുകയും ആയത് നികതി വകുപ്പിന് അയച്ചുകൊടുത്ത് അഭിപ്രായം ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം നികതി വകുപ്പ് 9-10-2014 തീയതിയായി ലഭ്യമാക്കിയ മറുപടി 15-10-2014-ലെ യോഗം അംഗീകരിക്കുകയും കരട് റിപ്പോർട്ട് പരിഷ്കരിച്ച് വീണ്ടും തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ നിയമസഭാ ചട്ടം 235 എ പ്രകാരം വാണിജ്യനികതി ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് സമിതി ചർച്ച നടത്തിയിരുന്നു.

കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി സമിതി നാളിതുവരെ നടത്തിയ സന്ദർശനങ്ങളുടെയും തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും അഭിപ്രായങ്ങളും അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2015 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 ജൂലൈ 2.

# റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ മുഖ്യ നികുതിവരുമാന സ്രോതസ്സാണ് വില്പന നികുതി. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വ്യാപാരത്തിന്റെ ഒരു പ്രധാന സവിശേഷത സംസ്ഥാനത്തെ ജനങ്ങൾ ദൈനംദിനം ഉപയോഗിക്കുന്ന സാധനങ്ങളിൽ 80 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തുന്നത് എന്നതാണ്. മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഒരു സാധനം ഏത് സംസ്ഥാനത്താണോ ഉപഭോഗം ചെയ്യപ്പെടുന്നത് അവിടെയാണ് ആ സാധനത്തിന്റെ നികുതി നൽകേണ്ടത്. കേരളത്തിന്റെ നികുതി വിഭവ സമാഹരണത്തിന് ഇത് പ്രയോജനപ്രദമാകേണ്ടതാണ്. ഉപഭോഗത്തിൽ മുന്നിലാണെങ്കിലും സംസ്ഥാനത്ത് അതിനനുസരിച്ച് നികുതി വരുമാനമുണ്ടാകുന്നില്ല. ഇതിനു കാരണം ഖജനാവിൽ എത്തിച്ചേരേണ്ട സഹസ്രകോടി രൂപയുടെ നികുതി ഇടനിലക്കാരനിലൂടെയും നികുതി വെട്ടിപ്പിലൂടെയും നഷ്ടമാകുന്നു എന്നതാണ്. ഗവൺമെന്റിന്റെ പ്രവർത്തനത്തിനും തദ്വാര സംസ്ഥാനത്തിന്റെ ക്ഷേമത്തിനും വികസനത്തിനും ഉതകേണ്ട വലിയൊരു തുകയാണ് നികുതി ചോർച്ചമൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നത്. നികുതി അടിത്തറ വിപുലപ്പെടുത്തി നികുതി സമാഹരണം കാര്യക്ഷമമാക്കി നികുതിവരുമാനം വർദ്ധിപ്പിച്ച് മാത്രമേ ഈ പ്രതിസന്ധി തരണം ചെയ്യാനാവൂ.

2. ആഭ്യന്തര വരുമാനത്തിന്റെ 16% നികുതിവരുമാനവും ഈ നികുതി വരുമാനത്തിന്റെ 70% വാണിജ്യ നികുതിയുമാണെന്നിരിക്കെ വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ നേരിട്ടു ബാധിക്കുന്ന ഒന്നാണ്. വിൽപ്പന നികുതി പിരിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കർക്കശമാക്കുന്നതിനുമാണ് സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 82 ചെക്ക് പോസ്റ്റുകളാണുള്ളത്. വാണിജ്യ നികുതി പിരിവിന്റെ കവാടങ്ങളായ പ്രസ്തുത അതിർത്തി ചെക്ക് പോസ്റ്റുകളിൽ നിന്നാണ് നികുതിവരുമാനം പ്രധാനമായും സർക്കാരിന് ലഭിക്കുന്നത്. കേരളത്തിന്റെ അതിർത്തികളിൽ, ജനവാസകേന്ദ്രങ്ങളിൽ നിന്ന് ഒറ്റപ്പെട്ട വിജനപ്രദേശങ്ങളിലാണ് ഈ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഗതാഗതക്കുരുക്ക്, കെടുകാര്യസ്ഥത, അഴിമതി ഇവയുടെയൊക്കെ അഴിയാക്കുരുക്കിലാണ് ഇന്ന് കേരളത്തിലെ ചെക്ക് പോസ്റ്റുകൾ. ഈ ചെക്ക് പോസ്റ്റുകളിൽ നിന്നും വേണം സർക്കാർ ഖജനാവിലേക്ക് കോടിക്കണക്കിന് രൂപ സംഭരിക്കേണ്ടത്. എന്നതിനാൽതന്നെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിലൂടെ മാത്രമേ ഈ ദുസ്ഥിതിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ.

3. നികുതി വസൂലാക്കുക എന്നതിനു പുറമെ ചെക്ക് പോസ്റ്റുകളിലൂടെ കടന്നുവരുന്ന ചരക്കുകളുടെ കണക്കുകൾ പരിശോധിക്കുക എന്ന പരമപ്രധാനമായ കർത്തവ്യവും ചെക്ക് പോസ്റ്റുകളിൽ നിക്ഷിപ്തമാണ്. ചെക്ക് പോസ്റ്റുകളിൽ വച്ച് വാഹനങ്ങളുടെ ബില്ലുകളിൽ നിന്നും ഇൻവോയ്സുകളിൽ നിന്നും കണക്കെടുത്താൽ കേരളത്തിലെ

ഏതാണ്ടെല്ലാ ഒന്നാംഘട്ട വിൽപ്പനക്കാരും ഏതെല്ലാം ചരക്കുകൾ എത്രവിലയ്ക്ക് എത്രമാത്രം വാങ്ങി എന്നതിന്റെ കണക്ക് ലഭിക്കും. ഈ കണക്കുകളിലൂടെ വ്യാപാരികൾ തങ്ങളുടെ വിറ്റുവരവ് സംബന്ധിച്ച് നൽകുന്ന നികുതി റിട്ടേണുകളുടെ നിജസ്ഥിതി കണ്ടുപിടിക്കാം. സർക്കാരിലേക്ക് ലഭിക്കേണ്ട നികുതി പൂർണ്ണമായും പിരിഞ്ഞു കിട്ടുന്നതിനുള്ള ഒരു പ്രധാന ഉപാധി രജിസ്റ്ററുകളും കണക്കുകളും കൃത്യമായും സത്യസന്ധമായും സുതാര്യമായും സൂക്ഷിക്കുക എന്നതാണ്. എന്നാൽ ചെക്ക് പോസ്റ്റുകളിൽ ഇത്തരത്തിലുള്ള പരിശോധനയും തുടർനടപടികളും നടക്കുന്നില്ല എന്നതാണ് നികുതിവരുമാനം വേണ്ടത്ര ഉയരാത്തതിനുള്ള മുഖ്യകാരണങ്ങളിൽ ഒന്ന്.

4. വാണിജ്യ നികുതി പിരിവിലൂടെ നികുതി ലക്ഷ്യം പൂർത്തീകരിക്കുന്നതിന് മുഖ്യതടസ്സമായി കാണുന്നത് ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതി ചോർച്ച തന്നെയാണ്. സംസ്ഥാനത്ത് വിറ്റഴിയുന്ന ഉത്പന്നങ്ങളുടെ മൊത്തം മൂല്യം കണക്കാക്കുമ്പോൾ നികുതി വരുമാനത്തിൽ നാല്പതു ശതമാനമെങ്കിലും നഷ്ടപ്പെടുന്നതായി കാണാം. സാധാരണ ജനങ്ങളുടെ മേൽ കൂടുതൽ നികുതിഭാരം ചുമത്താതെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ ഭീമമായ നികുതി ചോർച്ച ശക്തമായി തടയുക മാത്രമാണ് പോംവഴി. അതിന് പ്രധാന നികുതി സ്രോതസ്സും അതേസമയം നികുതി ചോർച്ചയുടെ വാതിലുമായ ചെക്ക് പോസ്റ്റുകൾ അഴിമതി വിമുക്തവും കാര്യക്ഷമവുമാക്കേണ്ടതാണ്. അതോടൊപ്പം ചെക്ക് പോസ്റ്റുകളുടെ അനുബന്ധ സൗകര്യങ്ങൾ വിപുലീകരിക്കുകയും, നികുതി പിരിവ് സുതാര്യമാക്കുകയും, കച്ചവടക്കാർക്കും വ്യവസായികൾക്കും മികച്ച സേവനം ഉറപ്പുവരുത്തുകയും, വാഹന ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കാത്തവിധത്തിൽ പരിശോധനാ സൗകര്യം നവീകരിക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ നികുതി കവാടത്തിൽ നിന്നുമുള്ള വരുമാനത്തിന്റെ തോത് വർദ്ധിപ്പിക്കാനാവൂ. ഇതിനായി കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ സമഗ്ര വികസനം അടിയന്തര പ്രാധാന്യമർഹിക്കുന്നു. ഈ സാഹചര്യത്തിലാണ് പന്ത്രണ്ടാം കേരള നിയമസഭയുടെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ഈ വിഷയം പഠനവിധേയമാക്കുവാനും സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവയുടെ നവീകരണം സംബന്ധിച്ച് പഠനം നടത്തുന്നതിനും തീരുമാനിച്ചത്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സമിതി വാളയാറും അനുബന്ധ ചെക്ക് പോസ്റ്റുകളും സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വാളയാർ ചെക്ക് പോസ്റ്റ് നവീകരണം സംബന്ധിച്ച റിപ്പോർട്ട് 27-3-2007-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. രണ്ടാംഘട്ടമെന്ന നിലയിൽ സമിതി 6-11-2008, 13-11-2008, 20-11-2008, 10-12-2009 എന്നീ തീയതികളിൽ യഥാക്രമം സുൽത്താൻ ബത്തേരി, കാസർഗോഡ്, തേക്കടി, കൊല്ലം എന്നീ സ്ഥലങ്ങളിൽ യോഗം ചേരുകയും മുത്തങ്ങ, മഞ്ചേശ്വരം, കമിളി, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകൾ സന്ദർശിക്കുകയും ചെയ്തിരുന്നു. അതുപ്രകാരം തയ്യാറാക്കിയ കേരളത്തിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച കരട് റിപ്പോർട്ട് 6-6-2013-ലെ സമിതി യോഗം പരിഗണിക്കുകയും മൈനർ ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമാണോ എന്ന് പരിശോധിക്കണമെന്നും, ഇത്തരം സ്കാനറുകൾ സ്ഥാപിക്കുന്നതിനും കേടാകാതെ സൂക്ഷിക്കുന്നതിനുള്ള ചെലവ് കൂടുതലായതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ വിശദമായ സാദ്ധ്യതാപഠനം നടത്തണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

6. 24-9-2013-ൽ ചേർന്ന യോഗം എക്സൈസ് ചെക്ക് പോസ്റ്റുകളായ കാസർഗോഡ് ബംഗ്ര-മഞ്ചേശ്വരം ചെക്ക് പോസ്റ്റ്, ആര്യങ്കാവ് ചെക്ക് പോസ്റ്റ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചർച്ച ചെയ്തു. ബംഗ്രയിൽ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തെങ്കിലും ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് ഏറ്റെടുത്തിട്ടുള്ള സ്ഥലം നാഷണൽ ഹൈവേ അതോറിറ്റിയുടെ അക്വിസിഷനിലൂടെ നഷ്ടപ്പെട്ടുമെന്നതിനാൽ കളക്ടറുമായി ബന്ധപ്പെട്ട് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് ഒരു പുതിയ ലേഔട്ട് തയ്യാറാക്കേണ്ടിവരുമെന്ന് നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ വാളയാർ ചെക്ക് പോസ്റ്റ് നവീകരണത്തിനുവേണ്ടി ഏറ്റെടുത്ത 29 ഏക്കർ സ്ഥലത്തെ 4 ഏക്കറോളം വിസ്തൃതിയുള്ള കളത്തിന്റെ ഉടമസ്ഥൻ ഹൈക്കോടതിയിൽ നൽകിയ സ്റ്റേ വെക്കേറ്റ് ചെയ്ത് കിട്ടിയാൽ ചെക്ക് പോസ്റ്റ് നവീകരണം ആരംഭിക്കുമെന്നും ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥിതി ചെയ്യുന്നത് വനം വകുപ്പിന്റെ സ്ഥലത്തായതിനാൽ ആര്യങ്കാവിൽ എക്സൈസ് വകുപ്പിന് സ്വന്തമായുള്ള 1.8 ഏക്കർ സ്ഥലത്തുതന്നെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തരം കേസുകളിൽ കോടതിക്ക് പുറത്ത് സെറ്റിൽമെന്റ് നടത്താൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

7. 15-10-2014-ൽ സമിതി നിയമസഭാ ചട്ടം 235 എ പ്രകാരം യോഗം ചേർന്ന് 'വാണിജ്യനികുതി ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം സംബന്ധിച്ചും' 'വാണിജ്യ നികുതി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് ' സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

8. കേരള വാണിജ്യ നികുതി വകുപ്പ് 1-4-2005 മുതൽ വാറ്റ് രീതിയിലുള്ള നികുതി സമ്പ്രദായത്തിലേക്ക് മാറിയിട്ടുണ്ടെന്നും, ഇ-ഗവേണൻസിന്റെ ഭാഗമായി സർക്കാർ നടപടികളുടെ നവീകരണ പദ്ധതി 2006 മുതൽ നടപ്പിലാക്കിവരുന്നതായും 2006-07 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തിയും കേന്ദ്ര സഹായം പ്രയോജനപ്പെടുത്തിയും വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും സമിതി നിരീക്ഷിച്ചു 2006 മുതൽ വാണിജ്യ നികുതി വകുപ്പിൽ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും നികുതി വകുപ്പിൽ നടപ്പിലാക്കിയ ഇ-സേവനങ്ങളും കമ്പ്യൂട്ടർവൽക്കരണവും സമിതി വിലയിരുത്തി.

9. വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് നികുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി സമിതി വിലയിരുത്തി.

10. വിവിധ വകുപ്പുകളുടെ ചെക്ക് പോസ്റ്റുകൾ നിലനിൽക്കുന്ന ഇടങ്ങളിൽ പ്രത്യേകം പരിശോധനകൾ നടത്തുന്നതുമൂലം ഉണ്ടാകുന്ന കാലതാമസത്തിനും ഗതാഗതക്കുരുക്കിനും ശാശ്വത പരിഹാരം കാണുന്നതിനും വിവിധ വകുപ്പുകളുടെ പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിനും സംയോജിത ചെക്ക് പോസ്റ്റ് എന്ന ആശയം മുൻനിർത്തി സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യ നികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹനപരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം 27-11-2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർസംസ്ഥാന ചരക്ക് നീക്കം വേഗത്തിലും സുഗമവുമാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഗുജറാത്ത്, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക് പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ, മുത്തങ്ങ, ബംഗ്ര-മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകൾ സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങാനും ലക്ഷ്യമിടുന്നു.

11. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ 2011-ൽ ആരംഭിച്ച സംയോജിത ചെക്ക് പോസ്റ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, ബാക്കിയുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ അപര്യാപ്തതമൂലം സംയോജിത ചെക്ക് പോസ്റ്റ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നും സമിതി വിലയിരുത്തി.

12. സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക് പോസ്റ്റുകളെല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട സി-ക്ലാസ് ഉൾപ്പെടെ 43 ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്നവിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

13. ഡീലർമാർക്ക് ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഡിക്ലറേഷൻ സംവിധാനം നടപ്പിലാക്കിയതിലൂടെ ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന ചരക്കുകളുടെ വിവരം മുൻകൂട്ടി ഡിക്ലയർ ചെയ്യാനും ഓൺലൈൻ ആയി അഡ്വാൻസ് ടാക്സ് അടയ്ക്കുന്നതിനും കഴിയുന്നു. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ചെക്ക് പോസ്റ്റിൽ തുക ഈടാക്കുന്ന സമ്പ്രദായം കൂടി ഓൺലൈനാക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു.

14. ചെക്ക് പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സമർപ്പിക്കുവാനുള്ള സൗകര്യം രജിസ്ട്രേഷനുള്ള വ്യാപാരികൾക്കും പാഴ്സൽ ഏജൻസികൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇ-ഡിക്ലറേഷൻ സംവിധാനം മറ്റുള്ളവർ ദുരുപയോഗം ചെയ്യുന്നത് തടയാൻ കഴിഞ്ഞു.

15. ക്ലാർക്ക്/ഇൻസ്പെക്ടർ/വാണിജ്യ നികുതി ഓഫീസർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.യുടെ കീഴിൽ തുടർച്ചയായി ട്രെയിനിംഗ് നൽകിവരുന്നു. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് മേൽനോട്ടം നൽകുന്നതിനായി മാത്രം ഒരു അസിസ്റ്റന്റ് കമ്മീഷണർ ആഫീസ് തന്നെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിലേക്കായി കമ്പ്യൂട്ടർ ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

16. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളായ വാളയാർ, അമരവിള, ബംഗ്ര-മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളിലെ ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസസൗകര്യവും കുടുംബശ്രീ വഴി ഭക്ഷണവും നൽകിവരുന്നുണ്ട്. നിലവിൽ അമരവിള,

വാളയാർ, മഞ്ചേശ്വരം, കുമിളി തുടങ്ങിയ ചെക്ക് പോസ്റ്റുകളിൽ സർക്കാർ ചെലവിൽ കംഫർട്ട്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ന്യൂമാഹി, കുട്ടപ്പുഴ ചെക്ക് പോസ്റ്റുകളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തോൽപ്പെട്ടി, മുത്തങ്ങ ചെക്ക് പോസ്റ്റുകളിൽ ഗ്രീൻ ടോയ്‌ലെറ്റ് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ കൂടി ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ശുചിത്വമിഷനുമായി ബന്ധപ്പെട്ട് മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാന്റീനിലെ മാലിന്യം സംസ്കരിക്കുന്നതിലേക്കായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

17. വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠിക്കുന്നതിനായി 13-3-2014-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 208/2014/നി.വ. പ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും, ഗിഫ്റ്റ് രജിസ്ട്രാർ കൺവീനറായും വാണിജ്യ നികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർ വെഹിക്കിൾ കമ്മീഷണർ എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് പഠനം നടത്തിവരുന്നു. അമരവിള ചെക്ക് പോസ്റ്റിൽ CCTV ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റിൽ CCTV ക്യാമറ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

18. വാളയാറിലെ ഭൂമി ലഭ്യത സംബന്ധിച്ച് 19 ഏക്കർ സ്ഥലം ഔട്ട് ചെക്ക് പോസ്റ്റിന് ലഭിച്ചുവെങ്കിലും സ്റ്റേ നിലനിൽക്കുന്നതിനാൽ കോടതിവിധി വന്നാൽ മാത്രമേ ഭൂമി ഏറ്റെടുത്ത് നടപടികൾ പൂർത്തിയാക്കാൻ കഴിയുള്ളുവെന്നും, ആര്യങ്കാവ് ചെക്ക് പോസ്റ്റിന് സ്ഥലപരിമിതിയുള്ളതിനാൽ തെന്മലയിൽ 8 ഏക്കർ സ്ഥലത്ത് ആധുനിക ചെക്ക് പോസ്റ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, വയനാട് ചെക്ക് പോസ്റ്റിൽ ഒന്നര ഏക്കറും ഒൻപത് ഏക്കറും വീതം വരുന്ന രണ്ട് ഭൂമിയുണ്ടെന്നും ഒൻപത് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള പുതിയ ചട്ടങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു.

19. ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നത് സംബന്ധിച്ച് 15-10-2014-ലെ യോഗം ചർച്ച ചെയ്തു. 2008-ൽ ഇതു സംബന്ധിച്ച് പഠനം നടത്തിയതാണെന്നും, മുംബൈ തുറമുഖത്താണ് ഏറ്റവും പുതിയ മോഡൽ സ്കാനർ ഉള്ളതെന്നും വാഹനത്തിന്റെ ഉള്ളിലുള്ള വസ്തുവിന്റെ ഡെൻസിറ്റി പിടിച്ചെടുത്ത് ഇമേജുണ്ടാക്കി വസ്തു തിരിച്ചറിയുന്ന സാങ്കേതിക വിദ്യയാണ് പ്രസ്തുത സ്കാനറിൽ ഉപയോഗിച്ചിരിക്കുന്നതെന്നും പ്രസ്തുത സാങ്കേതികവിദ്യ ഇതുവരെ വിജയകരമായിട്ടില്ലെന്നും വാഹനത്തിലുള്ള സാധനങ്ങൾ തിരിച്ചറിയാനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കേണ്ടതുണ്ടെന്നും നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

20. ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് വരികയാണെങ്കിൽ എക്സൈസ്, സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകൾക്ക് ഒരേ സമയം പരിശോധന നടത്താമെന്നും, സ്കാനർ സ്ഥാപിച്ചിട്ടുള്ള ചെക്ക് പോസ്റ്റിലൂടെ ഒരു വാഹനം കടന്നുപോകുമ്പോൾ അതിൽ ദ്രാവകമുണ്ടെങ്കിൽ എക്സൈസിന്റെ പ്രതിനിധിക്ക് അത് പരിശോധിക്കാമെന്നും, ഒന്നുമില്ലെങ്കിൽ അത് പരിശോധിക്കേണ്ട കാര്യമില്ലെന്നും, അങ്ങനെയാകുമ്പോൾ പരിശോധനയ്ക്ക് കുറച്ച് സമയമേ എടുക്കുകയുള്ളൂവെന്നും സമിതി വിലയിരുത്തി.

21. സി ക്ലാസ്സ് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും, സെർവ്വർ കപ്പാസിറ്റി കുറവായതിനാൽ എല്ലാ ഡേറ്റയും രേഖപ്പെടുത്തുന്നുണ്ടെങ്കിലും നികുതി വരവിനെ സംബന്ധിച്ച വിശകലനം ചെയ്യാൻ സാധിക്കുന്നില്ലെന്നും, സെർവ്വർ കപ്പാസിറ്റി കൂട്ടിയാൽ KVATIS-ൽ കിട്ടുന്ന ഡേറ്റ അനലൈസ് ചെയ്ത് ധാരാളം മോഡ്യൂൾ കൊണ്ടുവരാനും പ്രിലിമിനറി ആഡിറ്റ് സോഫ്റ്റ്‌വെയർ ബേസ്ഡ് ആക്കാനും സാധിക്കുമെന്നും കൂടിയ സെർവ്വർ കപ്പാസിറ്റിയും പുതിയ സാങ്കേതികവിദ്യയും വന്നുകഴിഞ്ഞാൽ നികുതി നിർവ്വഹണം കുറച്ചുകൂടി ഫലവത്താക്കാമെന്നും സമിതി വിലയിരുത്തി.

22. സമിതിയുടെ വിവിധ യോഗങ്ങളുടെ അടിസ്ഥാനത്തിലുള്ള ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച പൊതുശിപാർശകൾ ചുവടെ ചേർക്കുന്നു:

23. ചെക്ക് പോസ്റ്റുകളിലെ ഗതാഗതക്കുരുക്കും കാലതാമസവും ഒഴിവാക്കുന്നതിന് വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ ഏകോപനത്തോടെയുള്ള സംയോജിത ചെക്ക് പോസ്റ്റുകൾ രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം വേഗത്തിലും സുഗമവുമാക്കുന്നതിന് സംയോജിത ചെക്ക് പോസ്റ്റുകൾക്ക് കഴിയും, തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ മാത്രമാണ് സംയോജിത ചെക്ക് പോസ്റ്റുകൾ ആരംഭിച്ചിട്ടുള്ളത് സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിലും ആധുനിക സൗകര്യങ്ങളോടെയുള്ള സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ 48 എണ്ണമേ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. കമ്പ്യൂട്ടർ സംവിധാനമില്ലാത്ത ചെക്ക് പോസ്റ്റുകളിലൂടെ ഒരേ സീൽ ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. ആയതിനാൽ എല്ലാ ചെക്ക് പോസ്റ്റുകളും

കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ സമ്പ്രദായത്തിലാക്കണമെന്നും ഇ-ഡിക്ലറേഷൻ സംവിധാനം കർശനമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ചെക്ക് പോസ്റ്റിൽ തുക ഈടാക്കുന്ന സമ്പ്രദായം ഓൺലൈനാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. നികുതി സംബന്ധിച്ച നടപടികളിലെ നൂലാമാലകൾ പരമാവധി ഒഴിവാക്കി നികുതി സമ്പ്രദായം കുറച്ചുകൂടി ലളിതവും സുതാര്യവുമാക്കേണ്ടതാണ്. നിലവിലുള്ള നികുതി നിയമങ്ങൾ സങ്കീർണ്ണമായതിനാൽ നികുതി മേഖലയിൽ ഇടനിലക്കാരുടെ ഇടപെടൽ കൂടുതലാണ്. ആയതിനാൽ ഭാഷയുടെ ലാളിത്യത്തിലൂടെ കൂടുതൽ സുതാര്യത സാധാരണ നികുതിദായകനു ലഭ്യമാക്കി സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതിന് നികുതി നിയമങ്ങളും ചട്ടങ്ങളും ഫോറങ്ങളും മലയാളത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് വിഘാതമാകുന്നത് ഭൂമിയുടെ അപര്യാപ്തതയാണെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണെന്നും 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ട് റദ്ദ് ചെയ്തുകൊണ്ട് റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റിഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് ആക്ട്, 2013 എന്നീ കേന്ദ്ര ആക്ടുകൾ പുറപ്പെടുവിച്ചതിനെത്തുടർന്ന് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടായിട്ടുള്ള അനിശ്ചിതത്വം ദൂരീകരിക്കുന്നതിന്, സംസ്ഥാനം പുതിയ നിയമം പുറപ്പെടുവിക്കേണ്ടതായിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകളിലും സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം അടിയന്തരമായി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നും ആയതിനായി നിയമനിർമ്മാണം അടിയന്തരമായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. സംസ്ഥാനത്തിന്റെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മികച്ച സേവനത്തിനുമായി വിഭാവനം ചെയ്യുന്ന സംയോജിത ചെക്ക് പോസ്റ്റ് സംവിധാനത്തിന് സ്കാനർ സംവിധാനം അത്യന്താപേക്ഷിതമാണ്. പരമ്പരാഗത രീതിയിലുള്ള വാഹന പരിശോധനയിൽ കൂടി പലപ്പോഴും വാഹനങ്ങളിലെ ചരക്കുകളുടെ യഥാർത്ഥ വിവരം ലഭിക്കുവാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഡ്രൈവർമാർ നൽകുന്ന ഡിക്ലറേഷൻ ഫാറത്തിനെ ആശ്രയിക്കുകയും ഇത് നികുതി വെട്ടിപ്പിനും നികുതി ചോർച്ചയ്ക്കും കാരണമാകുകയും ചെയ്യുന്നു. സ്കാനർ സൗകര്യം

ഏർപ്പെടുത്തിയാൽ സംസ്ഥാനം സമീപകാലത്ത് അഭിമുഖീകരിക്കേണ്ടിവന്ന തീവ്രവാദത്തിനുപയുക്തമായ ആയുധങ്ങൾ, സ്ഫോടക വസ്തുക്കൾ, മയക്കമരുന്ന്, സ്പിരിറ്റ്, കള്ളപ്പണം എന്നിവ ഉൾപ്പെടെയുള്ള കള്ളക്കടത്തിന് അറുതി വരുത്തുവാനും നികുതി വെട്ടിപ്പ് തടയുവാനും കഴിയും. ആയതിനാൽ എല്ലാ ചെക്ക് പോസ്റ്റുകളിലും മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് ഉൾപ്പെടെയുള്ള സ്കാനർ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. സംസ്ഥാനത്തെ പല ചെക്ക് പോസ്റ്റുകളിലും വെയ്ബ്രിഡ്ജ് സൗകര്യം ഇല്ലാതിരിക്കുകയോ അഥവാ അവ ഉപയോഗയോഗ്യമല്ലാത്തതായ സ്ഥിതിയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ഒരു ചെക്ക് പോസ്റ്റിന് അത്യന്താപേക്ഷിതമായ വെയ്ബ്രിഡ്ജ് സംവിധാനത്തിന്റെ അപാകത നികുതി ചോർച്ചയ്ക്ക് ഒരു പ്രധാന കാരണമാണ്. വാഹനങ്ങളിൽ അമിതഭാരം കയറ്റി നികുതി വെട്ടിപ്പ് നടത്തുവാൻ ഇതുമൂലം സാധിക്കുന്നു. വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് വാണിജ്യനികുതി വകുപ്പിന് സ്വന്തമായി ഭൂമി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി എല്ലാ ചെക്ക് പോസ്റ്റുകളിലും വെയ്ബ്രിഡ്ജ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ചെക്ക് പോസ്റ്റിന്റെ പരിസരത്ത് രംഗത്തുള്ള ഇടനിലക്കാരും വളരുന്ന മാഫിയ സംഘങ്ങളും ഗുണ്ടാസംഘങ്ങളും പലപ്പോഴും ഉദ്യോഗസ്ഥരെ ഭീക്ഷണിപ്പെടുത്തി ചരക്ക് കടത്തുന്നതായും ചെക്ക് പോസ്റ്റ് നടത്തിപ്പിനും നാട്ടുകാർക്ക് ഭീക്ഷണിയായും തീരുന്ന അവസ്ഥയുള്ളതായും സമിതിക്ക് ബോധ്യപ്പെട്ടു. ചെക്ക് പോസ്റ്റിൽ പരിശോധനയ്ക്കായുള്ള സൗകര്യങ്ങളുടേയും ജീവനക്കാരുടേയും കുറവുമൂലം വാഹന പരിശോധന മണിക്കൂറുകളും ചിലപ്പോൾ ദിവസങ്ങളും നീളുന്നത് മാഫിയ ഇടപെടലിന് അവസരമൊരുക്കുന്നു. ആയതിനാൽ ഈ സംഘങ്ങളെ ഒഴിവാക്കുന്നതിനും അമർച്ച ചെയ്യുന്നതിനും ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും സ്ഥിരമായ പോലീസ് സംരക്ഷണത്തോടെ ശക്തമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. നിലവിലുള്ള ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുമ്പോൾ സമാന്തര വഴികൾ ഉണ്ടാക്കി ചരക്കുകൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നതായി സമിതിയുടെ സന്ദർശനവേളയിൽ ബോധ്യപ്പെട്ടു. ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായുള്ള രഹസ്യപാതകൾ കണ്ടെത്തി അതിലൂടെയുള്ള അനധികൃത കടത്ത് തടയാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം സ്ഥിരമായി ഉപയോഗിക്കാറുള്ള വാഹനത്തിനു പകരം യാത്രാ വാഹനങ്ങൾ, കാളവണ്ടി എന്നിവയും ചരക്കുകടത്തിന് ഉപയോഗിക്കുന്നത്

വ്യാപകമാണ്. ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടി കള്ളക്കടത്ത് പൂർണ്ണമായി തടയുവാൻ കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വൻവ്യത്യാസമുണ്ടാകും. ആയതിനാൽ ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടി, വിജിലൻസ് മിന്നൽ പരിശോധന ശക്തമാക്കി ഇത്തരത്തിലുള്ള കള്ളക്കടത്ത് തടയുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ചെക്ക് പോസ്റ്റിലെ അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതോടൊപ്പം അർപ്പണബോധവും കാര്യക്ഷമതയുമുള്ള സത്യസന്ധരായ ഉദ്യോഗസ്ഥരുടെ സേവനവും അനിവാര്യമാണ്. ചെക്ക് പോസ്റ്റിൽ നിന്നുമുള്ള കാര്യക്ഷമമായ നികുതി പിരിവിനുപരി പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് ചെക്ക് പോസ്റ്റിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി സത്യസന്ധവും കാര്യക്ഷമവുമായ സേവനം ചെക്ക് പോസ്റ്റിൽ ഉറപ്പുവരുത്തുന്നതിന് പുതുതായി ചെക്ക് പോസ്റ്റിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുവാനും തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇപ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും അവിടെ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ആരോഗ്യമുള്ള ശരീരവും സംതൃപ്തമായ മനസ്സുമുള്ള ജീവനക്കാരിൽ നിന്നു മാത്രമേ നീതിയുക്തവും സത്യസന്ധവും കാര്യക്ഷമതയും അർപ്പണബോധവുമുള്ള സമീപനമുണ്ടാവുകയുള്ളൂ. അതിനുവേണ്ടി അവരുടെ സേവന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ജനവാസകേന്ദ്രങ്ങളിൽ നിന്നും വളരെയധികം അകലെയുള്ള പല ചെക്ക് പോസ്റ്റുകളിലും ജീവനക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾക്കായുള്ള സൗകര്യങ്ങൾപോലും ലഭ്യമല്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ഇതിനു പരിഹാരമായി ചെക്ക് പോസ്റ്റ് ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസസൗകര്യവും, ടോയ്‌ലെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും അതോടൊപ്പം ചെക്ക് പോസ്റ്റിൽ ഭക്ഷണശാല, റിക്രിയേഷൻ സെന്ററുകൾ, വിശ്രമ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

33. മറുനാട്ടിൽ നിന്നും വരുന്ന ചരക്കുവാഹനങ്ങളിലെ ഡ്രൈവർമാർക്കും ജോലിക്കാർക്കും പലപ്പോഴും ഒന്നോ അതിലധികം ദിവസങ്ങളോ ചെക്ക് പോസ്റ്റുകളിൽ പല കാരണങ്ങളാൽ വാഹന പരിശോധനയ്ക്കായി കാത്തു കിടക്കേണ്ടതായി വരുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരം അവസരങ്ങളിൽ ഇവർക്ക് വിശ്രമത്തിനോ പ്രാഥമികാവശ്യത്തിനോ ഉള്ള സൗകര്യം നിലവിൽ ഒരു ചെക്ക് പോസ്റ്റിലും ലഭ്യമല്ല

കേരളത്തിലെ ചെക്ക് പോസ്റ്റുകളിലെ ഈ പരിതാപകരമായ അവസ്ഥ ഇവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുകയും കേരളത്തിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുകയും ചെയ്യുന്നു. ആയതിനാൽ എല്ലാ ചെക്ക് പോസ്റ്റുകളിലും ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാർക്കും തൊഴിലാളികൾക്കും വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾക്കുമായുള്ള കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. വ്യാപാരികൾക്ക് അനധികൃത നികുതി ഇളവ് നൽകുകയോ കൃത്യമായി വാഹനങ്ങൾ പരിശോധിച്ച് നികുതി ചുമത്താതിരിക്കുകയോ ചെയ്ത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് സാധനങ്ങൾ കൊണ്ടുവരുന്ന യാത്രാവാഹനങ്ങളുടെയും ചരക്ക് വാഹനങ്ങളുടെയും പെർമിറ്റ് റദ്ദാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. തീവ്രവാദത്തിനുപയുക്തമായ ആയുധങ്ങൾ, സ്ഫോടക വസ്തുക്കൾ, കള്ളപ്പണം, മയക്കുമരുന്നുകൾ, സ്പിരിറ്റ് എന്നിവ ചെക്ക് പോസ്റ്റുകൾ വഴി കടത്താൻ സാദ്ധ്യതയുള്ളത് സംസ്ഥാനത്തിന്റെ സുരക്ഷയേയും ജനങ്ങളുടെ ആരോഗ്യത്തേയും ബാധിക്കും. ആയതിനാൽ ചെക്ക് പോസ്റ്റുകളുടെ സുരക്ഷാ ചുമതല ഏതെങ്കിലും സുരക്ഷാ ഏജൻസിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ചെക്ക് പോസ്റ്റുകൾ മറികടന്നുള്ള കള്ളക്കടത്ത് തടയാൻ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ചെക്ക് പോസ്റ്റുകളെ ഓരോ മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്നും ജനപങ്കാളിത്തത്തോടെ കള്ളക്കടത്ത് തടയാനുള്ള പദ്ധതി രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്ന കേസ്സുകളിൽ ജീവനക്കാർക്ക് ഇൻസെന്റീവ് നൽകണമെന്നും ഉദ്യോഗസ്ഥർക്കുള്ള അലവൻസുകളിൽ വർദ്ധന വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. സംസ്ഥാനത്തിന്റെ നികുതിസ്രോതസ്സിന്റെ മുഖ്യ പങ്ക് വഹിക്കുന്ന ചെക്ക് പോസ്റ്റുകളുടെ പരിസരം കൈക്കൂലിക്കും നികുതി വെട്ടിപ്പിനും കാരണമാകുന്ന പ്രേരകശക്തികളിൽ നിന്നും മോചിപ്പിക്കുന്നതിനായി ചെക്ക് പോസ്റ്റുകൾ കർശനമായും നിരോധിതമേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. നികുതി വെട്ടിപ്പ് തടയുന്നതിനായി എല്ലാ വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും വിൽപ്പന നികുതി ഉദ്യോഗസ്ഥരുടെ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ചെക്ക് പോസ്റ്റുകളിൽ നികുതിചോർച്ച ഒഴിവാക്കുന്നതിനായി നേരിട്ടുള്ള പരിശോധനയും ഇന്റലിജൻസ് വിഭാഗത്തിന്റെ ഏറ്റെടുക്കലും കർശന നിരീക്ഷണവും നടപ്പിലാക്കണമെന്നും എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. സമിതി സന്ദർശിച്ച മഞ്ചേശ്വരം, മുത്തങ്ങ, കുമിളി, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളെ സംബന്ധിച്ച സമിതിയുടെ വിലയിരുത്തലുകളും ശിപാർശകളും ചുവടെ ചേർക്കുന്നു:

**വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം**

43. വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ കൗണ്ടറുകളുടെയും ജീവനക്കാരുടെയും എണ്ണത്തിലുള്ള കുറവുമൂലം വാഹനങ്ങൾ പരിശോധിച്ച് കടത്തിവിടുന്നതിന് കാലതാമസം നേരിടുന്നുണ്ട്. തന്മൂലം പാർസൽ വാഹനങ്ങളും മറ്റ് വാഹനങ്ങളും വിശദമായി പരിശോധിക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല ഹ്രസ്വദൂരം പോകേണ്ടിവരുന്ന വാഹനങ്ങൾക്ക് മറ്റ് വാഹനങ്ങൾക്കൊപ്പം കൂടുതൽ സമയം കാത്തു നിൽക്കേണ്ടതായും വരുന്നു. ആയതിനാൽ ചെറുകിട വാഹനങ്ങളും ചരക്ക് വാഹനങ്ങളും പരിശോധിക്കുന്നതിനു വേണ്ടി രണ്ട് പ്രത്യേക കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. വാഹനങ്ങളുടെ വിശദമായ പരിശോധനകൾക്കായി പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. മതിയായ രേഖകൾ ഇല്ലാത്ത കാരണത്താൽ പിടിച്ചുവയ്ക്കുന്ന ചരക്കുകൾ സൂക്ഷിക്കുന്നതിനും ഓഫീസിലെ രേഖകൾ സൂക്ഷിക്കുന്നതിനും സ്ഥലസൗകര്യം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി ആവശ്യങ്ങൾക്കായി കൂടുതൽ സ്ഥലസൗകര്യങ്ങൾ, ഗോഡൗൺ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. ചെക്ക് പോസ്റ്റിൽ ഡിക്ലറേഷൻ, ചലാൻ ഫാറം എന്നിവ പൂരിപ്പിക്കുവാൻ ഡ്രൈവർമാരെ സഹായിക്കുന്നതിനു വേണ്ടി ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. റോഡിൽ ടോക്കൺ വാങ്ങാൻ നിയോഗിക്കുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങളടക്കം ലഭ്യമാക്കുന്ന തരത്തിലുള്ള സ്ഥിരമായ കണ്ടെയിനർ കാബിൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ചെക്ക് പോസ്റ്റിൽ ഉണ്ടാകാറുള്ള ക്രമസമാധാനപ്രശ്നം പരിഹരിക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ ഉടൻ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ചെക്ക് പോസ്റ്റിലെ വൈദ്യുതി സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ജനറേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എക്സൈസ് ചെക്ക് പോസ്റ്റ്, ബംഗ്ര-മഞ്ചേശ്വരം, കാസർഗോഡ്**

50. ബംഗ്ര-മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന എല്ലാ വാഹനങ്ങളും എക്സൈസ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിട്ടുണ്ട്. സംശയിക്കുന്ന വാഹനങ്ങൾ മാറ്റി നിർത്തി പരിശോധിക്കുന്നതിനായി പ്രത്യേക യാർഡും ബാരിക്കേഡും ഇല്ലാത്തതിനാൽ സാധനങ്ങൾ അൺലോഡ് ചെയ്ത് പരിശോധിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ഈ സൗകര്യം ചെക്ക് പോസ്റ്റിൽ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഓട്ടോമാറ്റിക് ബാരിക്കേഡ്, മേൽക്കൂരയുള്ള പ്ലാറ്റ്ഫോം, എക്സ്-റേ സ്കാനർ, വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം, കമ്പ്യൂട്ടർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

51. നാല് ഓഫീസ് റൂമുകൾ, സ്റ്റാഫ് റൂം, ജീവനക്കാർക്കായി ഡോർമിറ്ററിയോടുകൂടി വിശ്രമമുറി, സീനിയർ ഉദ്യോഗസ്ഥർക്കായി പ്രത്യേകം മുറി, സ്റ്റോർ റൂം, റെക്കോർഡ് റൂം, ടോയ്‌ലെറ്റ് എന്നീ സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം എന്നിവ എക്സൈസ് ചെക്ക് പോസ്റ്റിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ദിവസം മുഴുവൻ ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലായിരിക്കുന്ന ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ചെക്ക് പോസ്റ്റിലെ അടിയന്തര ആവശ്യങ്ങൾക്കായി എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ വാഹനങ്ങൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, തലപ്പാടി-കഞ്ചിക്കുർ**

54. കർണ്ണാടക അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ ചെക്ക് പോസ്റ്റിന് ധാരാളം സമാന്തര പാതകൾ ഉണ്ട്. ഈ പാതകളിൽ കൂടി വാഹനങ്ങൾ നികുതി വെട്ടിച്ച് കടന്നുപോകുന്നത് ചെക്ക് പോസ്റ്റിലെ റവന്യൂ കളക്ഷനെ സാരമായി ബാധിക്കുന്നുണ്ട്. ഈ കള്ളക്കടത്ത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ കാരണം ജീവനക്കാർക്ക് കഴിയാതെ വരുന്നതായും മോട്ടോർ വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന എണ്ണം കണക്കിലെടുത്താൽ ഈ വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള ജീവനക്കാരുടെ എണ്ണം തുലോം കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, രണ്ട് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, മൂന്ന് പ്യൂൺമാർ, ഒരു സ്വീപ്പർ എന്നിവരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. പരിശോധനകൾക്കായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ റോഡതിർത്തി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മുത്തങ്ങ വാണിജ്യ നികുതി ചെക്ക് പോസ്റ്റ്**

56. നാഷണൽ ഹൈവേ 212-ന് സമീപം കേവലം 612 സ്ക്വയർ ഫീറ്റ് മാത്രം വിസ്തൃതിയുള്ള ഒരു പഴയ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ചെക്ക് പോസ്റ്റിന് മതിയായ സ്ഥലസൗകര്യവും രേഖകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ഇല്ല. ചെക്ക് പോസ്റ്റിലേക്ക് വരുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള യാർഡ്, വാഹന പരിശോധന നടത്തുന്നതിനുള്ള പ്ലാറ്റ്ഫോം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലെന്നും വീതികുറഞ്ഞ റോഡിന്റെ വശങ്ങളിൽ ചരക്കു വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഗതാഗത സ്തംഭനം ഉണ്ടാകുന്നതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടുതൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി മുത്തങ്ങ വാണിജ്യ നികുതി ചെക്ക് പോസ്റ്റിന്റെ സമീപത്തുള്ള ഒരു ഏക്കർ അമ്പത് സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ചെക്ക് പോസ്റ്റുകളിൽ മനഃപൂർവ്വം ഗതാഗതക്കുരുക്ക് സൃഷ്ടിച്ച് കള്ളക്കടത്ത് നടത്തുന്ന രീതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ വാഹനങ്ങൾ കൂട്ടം കൂടി ഒരുമിച്ച് ചെക്ക് പോസ്റ്റിൽ വരുന്നത് ഒഴിവാക്കുന്നതിനായി കൂടുതൽ പോലീസ് സേനയെ നിയോഗിച്ച് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ബൈ റൂട്ടുകൾ വഴി വാഹനങ്ങൾ ചെക്ക് പോസ്റ്റ് വെട്ടിച്ച് കള്ളക്കടത്ത് നടത്തുന്നത് തടയുന്നതിനായി ആഴ്ചയിൽ രണ്ടുമൂന്നു തവണയെങ്കിലും കർശനമായ പോലീസ് പട്രോളിങ്ങ് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, കുമിളി**

59. വാണിജ്യ നികുതി ചെക്ക് പോസ്റ്റ് കൂടാതെ മോട്ടോർ വെഹിക്കിൾ, എക്സൈസ് ചെക്ക് പോസ്റ്റുകളും' പ്രവർത്തിക്കുന്നതും വളരെയധികം ചരക്കുഗതാഗതം നടക്കുകയും ചെയ്യുന്ന കുമിളിയിൽ വെയ്ബ്രിഡ്ജ് സൗകര്യം ഇതുവരെ പ്രവർത്തന സജ്ജമായിട്ടില്ലെന്നതും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായുള്ള യാർഡ്, കൂടുതൽ പരിശോധന ആവശ്യമായ ചരക്കുകൾ പരിശോധിക്കുന്നതിനായുള്ള പ്ലാറ്റ്ഫോം എന്നീ സൗകര്യങ്ങൾ ഇല്ലെന്നുള്ളതും ശ്രദ്ധേയമാണ്.

60. വാഹനങ്ങൾ വരുന്നത് കാണത്തക്ക രീതിയിൽ ചെക്ക് പോസ്റ്റിന്റെ ഓഫീസിനായി ഒരു മൂന്നുനില ഫ്ലാറ്റും പാർക്കിംഗ് ഏര്യയും പണിയുന്നതിന് വനം വകുപ്പുമായി ഒരു സംയുക്ത യോഗം ചേർന്ന് വനം വകുപ്പിന്റെ 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഈ ചെക്ക് പോസ്റ്റിൽ എല്ലാ വകുപ്പുകൾക്കും ഉപയോഗിക്കുന്നതിനുവേണ്ടി വെയ്ബ്രിഡ്ജ്/ഹൈഡ്രോളിക് ബാരിക്കേഡ് നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. കുമിളി ചെക്ക് പോസ്റ്റിനടുത്ത് ജുമാഅത്തിന്റെ ശ്മശാനത്തിൽ കൂടി വൻതോതിൽ കള്ളക്കടത്ത് നടക്കുന്നതായി സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇത് തടയുന്നതായി ടി ശ്മശാനത്തിനു സമീപമുള്ള വീടിനോടു ചേർന്നുള്ള വഴിയിൽ വലിയ മതിൽ നിർമ്മിക്കുന്നതിന് നിലവിലുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. കുമിളി ചെക്ക് പോസ്റ്റിൽ നിന്നും ദിവസേന വലിയ തുക നികുതിയിനത്തിൽ ലഭിക്കുന്നുണ്ട്. ഇത് 35 കിലോമീറ്റർ അകലെയുള്ള പീരുമേട് സബ് ട്രഷറിയിൽ അടയ്ക്കുന്നതിനായി ചെക്ക് പോസ്റ്റിൽ ഒരു വാഹനം അത്യാവശ്യമാണ്. ഈ വാഹനം മറ്റവസരങ്ങളിൽ ചെക്ക് പോസ്റ്റിൽ നികുതി വെട്ടിച്ചുപോകുന്ന വാഹനങ്ങളെ പിന്തുടർന്ന് പിടിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ഈ ചെക്ക് പോസ്റ്റിൽ ഒരു വാഹനം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ഈ ചെക്ക് പോസ്റ്റ് വഴിയുള്ള വാഹനങ്ങളുടെ ഗതാഗതത്തിന് ക്രമാനുഗതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും എന്നാൽ അതിനനുസൃതമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവോ മറ്റു സൗകര്യങ്ങളോ എക്സൈസ് പോസ്റ്റിൽ ഇല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ചെക്ക് പോസ്റ്റിൽ കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ചിന്നാർ**

65. കാടിന്റെ നടുവിൽ സ്ഥിതിചെയ്യുന്ന ചിന്നാർ ചെക്ക് പോസ്റ്റിലേക്ക് വൈദ്യുതി ലഭ്യതയ്ക്കായി താത്കാലിക സംവിധാനമെന്ന നിലയിൽ ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഈ ചെക്ക് പോസ്ററിലേക്ക് സ്ഥിരമായി വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. ജനവാസമില്ലാത്ത വനമേഖലയിൽ പ്രവർത്തിക്കുന്ന ചിന്നാർ വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഓഫീസ് ആവശ്യങ്ങൾക്കായി ഇവിടുത്തെ ഉദ്യോഗസ്ഥർക്ക് 25 കിലോ മീറ്റർ അകലെയുള്ള മറയൂരിലേക്ക് പോകേണ്ടതായി വരുന്നു. ഈ അസൗകര്യം കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ ചെക്ക് പോസ്റ്റിൽ നിലവിലുള്ള 3 വാണിജ്യ നികുതി ഇൻസ്പെക്ടർമാർക്കുപുറമേ ഒരു വാണിജ്യനികുതി ഇൻസ്പെക്ടറെക്കൂടി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. ചിന്നാർ വാണിജ്യ നികുതി ചെക്ക് പോസ്റ്റ് സ്ഥിതി ചെയ്യുന്നത് കാലപ്പഴക്കം ചെന്ന ഒരു കെട്ടിടത്തിലായതിനാൽ ടി ചെക്ക് പോസ്റ്റിന് യാർഡ്, പ്ലാറ്റ്ഫോം എന്നീ സംവിധാനങ്ങൾ ഉൾപ്പെടെ ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകുവാൻ സ്വീകരിച്ച നടപടി ത്വരിതപ്പെടുത്തണമെന്നും വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

68. യാതൊരു വാർത്താവിനിമയോപാധികളും ഇല്ലാത്ത ടി ചെക്ക് പോസ്റ്റിൽ വൈദ്യുതി ലഭ്യമാകുന്ന മുറയ്ക്ക് ടെലിഫോൺ കണക്ഷൻ, കമ്പ്യൂട്ടർ എന്നിവ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, കമ്പംമേട്**

69. വാണിജ്യ നികുതി കമ്പംമേട് ചെക്ക് പോസ്റ്റിന് ലഭ്യമായ സ്ഥലത്ത് പ്ലാറ്റ്ഫോം, നവീകരിച്ച വെയ്ബ്രിഡ്ജ്, പുതിയ കെട്ടിടം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. പരിശോധനയ്ക്കായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾക്കും ചരക്കിനും നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി ഒരു യാർഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. നാല് വാണിജ്യ നികുതി ഇൻസ്പെക്ടർമാർ, 4 പ്യൂൺ, 3 ക്ലർക്ക് എന്നിവർ തുടർച്ചയായി ജോലി ചെയ്യുന്ന ടി ചെക്ക് പോസ്റ്റിൽ ഈ ജീവനക്കാർക്ക് താമസിക്കുന്നതിനായി യാതൊരുവിധ സംവിധാനങ്ങളും നിലവിലില്ല. ആയതിനാൽ കമ്പംമേട് ചെക്ക് പോസ്റ്റിലെ ജീവനക്കാർക്ക് താമസിക്കുന്നതിനായി ഒരു സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. ഏലം, കുരുമുളക് എന്നിവയുടെ കള്ളക്കടത്തിന് കുപ്രസിദ്ധിയാർജ്ജിച്ച കമ്പംമേട് ചെക്ക് പോസ്റ്റിന് സമാന്തരമായി ധാരാളം ബൈ റൂട്ടുകൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് തടയുന്നതിനായി കമ്പംമേട് മുതൽ ചെന്നൈക്കളം വരെയുള്ള അതിർത്തി പ്രദേശം മതിൽ കെട്ടിയടയ്ക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെയും വനം വകുപ്പിന്റെയും അനുമതി തേടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ബോഡിമെട്ട്**

73. വാണിജ്യ നികുതി ചെക്ക് പോസ്റ്റിന് ലഭ്യമായ സ്ഥലത്ത് പുതിയ ചെക്ക് പോസ്റ്റ്, പ്ലാറ്റ്ഫോം, വെയ്ബ്രിഡ്ജ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തി പണി അടിയന്തരമായി പൂർത്തിയാക്കണമെന്നും ഇപ്പോഴുള്ള കെട്ടിടം ജീവനക്കാരുടെ ക്വാർട്ടേഴ്സായി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

74. ബോഡിമെട്ട് വാണിജ്യ നികുതി ചെക്ക് പോസ്റ്റിലെ ദൈനംദിന ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നത് വാണിജ്യ നികുതി ഇൻസ്പെക്ടർമാർ ആകയാൽ ചെക്ക് പോസ്റ്റ് ഡ്യൂട്ടി സുഗമമായ രീതിയിൽ നിർവ്വഹിക്കാൻ കഴിയാതെ വരുന്നു. ആയതിനാൽ ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ പ്രസ്തുത ചെക്ക് പോസ്റ്റിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. ഈ ചെക്ക് പോസ്റ്റ് വഴിയുള്ള കള്ളക്കടത്ത് തടയുന്നതിന് കൂടുതൽ പോലീസ് സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആര്യങ്കാവ് ചെക്ക് പോസ്റ്റ്, കൊല്ലം**

76. ആര്യങ്കാവ് ചെക്ക് പോസ്റ്റിലെ സ്ഥലപരിമിതിമൂലം ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ എണ്ണത്തിൽ കുറവു വരുന്നതായും തന്മൂലം ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആര്യങ്കാവ് ചെക്ക് പോസ്റ്റ് അഭിമുഖീകരിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനായി തെന്മലയ്ക്കടുത്ത് റവന്യൂ വകുപ്പിന്റെ കൈവശമുള്ള സർവ്വേ നമ്പർ 1/6, 1/7-ൽ ഉൾപ്പെട്ട എട്ടേക്കർ സ്ഥലത്തേക്ക് നവീകരിച്ച ആധുനിക ഇൻചെക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി കരുതുന്നു. പ്രസ്തുത സ്ഥലം ദേശീയ പാത 208-നോട് ചേർന്നുകിടക്കുന്നതിനാൽ ആധുനിക ചെക്ക് പോസ്റ്റിനാവശ്യമായ രണ്ട് വെയ്ബ്രിഡ്ജ്, സ്കാനർ, പ്ലാറ്റ്ഫോം എന്നിവ സ്ഥാപിക്കുന്നതിനും ഒരേ സമയം ധാരാളം വാഹനങ്ങൾപാർക്ക് ചെയ്യുന്നതിനും ചരക്ക വാഹനങ്ങളിലെ ഡ്രൈവർമാർക്കും ക്ലീനർമാർക്കും വിശ്രമമുറികൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലസൗകര്യമുള്ളതായും സന്ദർശനവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു.

77. ആര്യങ്കാവ് ചെക്ക് പോസ്റ്റ് അഭിമുഖീകരിക്കുന്ന സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തെന്മലയിലുള്ള എട്ടേക്കർ സ്ഥലത്ത് സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. ആര്യങ്കാവിലെ എക്സൈസ് ചെക്ക് പോസ്റ്റിൽ ജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം അടിയന്തരമായി പൂർത്തിയാക്കണമെന്നും ആയത് നടപ്പുവർഷം തന്നെ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

79. രാസപദാർത്ഥങ്ങൾ കലർന്ന സാധനങ്ങൾ, ആസിഡുകൾ എന്നിവ അടങ്ങിയ ചരക്കുവാഹനങ്ങൾ പരിശോധിക്കുന്നതിന് മാസ്ക്, സ്നിഫർ ഡോഗ് സ്ക്വാഡ് സേവനം എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. വാഹനങ്ങൾ കയറ്റി നിർത്തി പരിശോധിക്കുന്നതിന് ഒരു യാർഡ്, വെയ്ബ്രിഡ്ജ്, സ്കാനർ സൗകര്യം എന്നിവ ടി ചെക്ക് പോസ്റ്റിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. ആര്യങ്കാവിനും തെന്മലയ്ക്കും ഇടയ്ക്കുള്ള ബൈ റൂട്ടുകളായ കടമാൻപാറ, മുരുകൻപാഞ്ചാ, ചേലഗിരി റോഡ് തുടങ്ങിയവ മാമ്പഴത്തറ എന്ന സ്ഥലത്ത് സന്ധിക്കുന്നുണ്ട്. ഈ ബൈ റൂട്ടുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി മാമ്പഴത്തറയിലും അച്ചൻകോവിലിലും ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. തെന്മലയിലുള്ള എക്സൈസ് വകുപ്പിന്റെ 14.5 സെന്റ് സ്ഥലത്ത് തെന്മല ആസ്ഥാനമാക്കി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുകയാണെങ്കിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തെന്മല ആസ്ഥാനമാക്കി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. കോന്നി, പുനലൂർ തുടങ്ങിയ ഡിവിഷനുകളിലെ വനമേഖലയിലെ തടികൾ കടത്തിക്കൊണ്ടു പോകുന്നതിനുള്ള സാധ്യതയുള്ളതിനാൽ ആര്യങ്കാവിലെ വനം വകുപ്പിന്റെ ചെക്ക് പോസ്റ്റ് അവിടെത്തന്നെ തുടരുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. ചരക്കുനീക്കം സുഗമമാക്കുകയെന്നത് ഏതൊരു സമ്പദ് വ്യവസ്ഥയുടെയും വളർച്ചയ്ക്ക് അത്യാവശ്യമാണ്. അതിനായി ചെക്ക് പോസ്റ്റുകൾ അഴിമതിരഹിതവും സുതാര്യവുമാക്കേണ്ടതുണ്ട്. എന്നാൽ ചെക്ക് പോസ്റ്റുകളിലെ നടപടിക്രമങ്ങൾ സുതാര്യവും വ്യവസ്ഥാനുസൃതവുമാക്കി നികുതി ചോർച്ച തടയാൻ നിയുക്തരായവർതന്നെ തട്ടിപ്പിൽ പങ്കാളികളാവുകയോ അതിന് കൂട്ടു നിൽക്കുകയോ ചെയ്യാലുള്ള സ്ഥിതി ആപത്കരമാണെന്ന് സമിതി ആശങ്കപ്പെടുന്നു. ഇത്തരം പ്രവണതകൾ ഉന്മൂലനം ചെയ്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സമഗ്രമായ ആധുനികവൽകരണം അടിയന്തര പ്രാധാന്യമർഹിക്കുന്നു. വാണിജ്യ നികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വികസനത്തിന്റെ ആണിക്കല്ലായ ചെക്ക് പോസ്റ്റുകളുടെ നവീകരണം സാധ്യമാകൂ. ആയതിനാൽ സമിതിയുടെ മേൽ സൂചിപ്പിച്ച അഭിപ്രായങ്ങൾ പരിഗണിക്കുന്നതിനും ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുൻഗണന നൽകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2015 ജൂലൈ 2.